(സി) 50,000 രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് ഷെഡ്യൂൾഡ് ബാങ്കുകൾ സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും, അതിനുമുകളിലുള്ള വായ്പകൾക്ക് വസ്തു ജാമ്യവും ആവശ്യപ്പെടുന്നുണ്ടോ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം ഈടുകൂടാതെ വിദ്യാഭ്യാസ വായ്പ നൽകാത്ത ബാങ്കുകളുടെമേൽ എന്ത് നടപടിയെടുക്കാനുദ്ദേശിക്കുന്നുവെന്ന് പറയുമോ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിരുന്നു. (4 ലക്ഷം രൂപ വരെ)

(ബി) ഉണ്ട്. എന്നിരുന്നാലും പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്.

(സി) ഇല്ല. 4 ലക്ഷം രൂപയിൽ കൂടുതൽ ഉള്ള വിദ്യാഭ്യാസ വായ്പകൾക്ക് മാത്രമേ വസ്തു ജാമ്യമോ മറ്റു ജാമ്യങ്ങളോ ആവശ്യപ്പെടാറുള്ളൂ.

(ഡി) ഈടു കൂടാതെ വിദ്യാഭ്യാസ വായ്പ നൽകാത്ത ബാങ്കുകളെക്കുറിച്ച്, റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ റിസർവ്വ് ബാങ്ക് നടപടി എടുക്കുന്നതാണ്. സർക്കാരിന് ലഭിക്കുന്ന പരാതികൾ സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ കൺവീനർക്ക് അയച്ചുകൊടുക്കാറുണ്ട്.

സർക്കാർ വാഹനങ്ങളുടെ എണ്ണം

67 [3118] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെല്ലാംകൂടി എത്ര വാഹനങ്ങളാണ് ആകെ ഉള്ളത്;

(ബി) വകുപ്പ് തിരിച്ച് വാഹനങ്ങളുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകൾ, പുതുതായി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സേവന പ്രദാന പദ്ധതി

68 [3119] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവന പ്രധാന പദ്ധതിയനുസരിച്ച് എത്ര സ്ഥാപനങ്ങൾ മാതൃകാ ജനസേവന കേന്ദ്രമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി വിശദമാക്കാമോ;

(സി) പദ്ധതി എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ പദ്ധതിക്ക് കീഴിൽ കൊണ്ടുവന്നിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സേവന പ്രധാന പദ്ധതി നടപ്പിലാക്കുന്നതിന് 2606 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഭരണ നവീകരണ പരിപാടിക്ക് കീഴിൽ സേവന പ്രധാനം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു അതിവേഗ പദ്ധതിയാണ് സേവന പ്രധാന പദ്ധതി. ഈ പദ്ധതിക്ക് കീഴിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്കായുള്ള സ്ഥാപനതല പദ്ധതികളും സംസ്ഥാനതലത്തിലുള്ള പദ്ധതികളും വളരെ വേഗം നടപ്പിലാക്കി പ്രസ്തുത സ്ഥാപനങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനത്തിന്റെ ഗുണനിലവാരം ഉയർത്തുകയും അവ ലഭ്യമാവുന്നതിനുള്ള കാലതാമസം ഇല്ലായ്മ ചെയ്യുകയുമാണ് പദ്ധതിയുടെ ഉദ്ദേശം.

(സി) പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചുകഴിഞ്ഞു. 2006-2007 സാമ്പത്തിക വർഷത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അടങ്ങുന്ന സർക്കാർ ഉത്തരവ് (എം.എസ്സ്.) നം. 98/04/പൊ.ഭ.വ. തീയതി 14-5-2004-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പദ്ധതി പ്രവർത്തന നിരീക്ഷണത്തിന് സർക്കാരേതര സംഘടനകൾ

69 [3120] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് ഡെലിവറി പ്ലാൻസ് തയ്യാറാക്കുന്നതിനും പെർഫോമൻസ് മോണിറ്ററിംഗിനും എൻ.ജി.ഒ.-കൾക്ക് പങ്കാളിത്തം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ബി) ഇതിനുള്ള എൻ.ജി.ഒ.-കളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർ ആരൊക്കെയാണെന്നും ഇവരെ തെരഞ്ഞെടുക്കാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്ലാൻ തയ്യാറാക്കുന്നതിനും പെർഫോമൻസ് മോണിറ്ററിംഗിനും എൻ.ജി.ഒ.-കൾക്ക് ഫീസ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത തുക എത്രയെന്നും പണം ആര് നൽകുമെന്നും വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly